# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി9/661/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 13/07/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി9/661/2022 തീയ്യതി: 13/07/2022

## പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2022 | 24-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2022 | 24-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ കെ.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലിസി മോൾ ജോസഫ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ ആർ. മോഹനൻ നായർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ പി. നന്ദകുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുമ എസ്.എൽ. | ശ്രീമതി സുമ എസ്.എൽ. | 01-04-2020 | 31-03-2021 |
| ശ്രീ കാർത്തിക് എസ്. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ രഞ്ജിത് കുമാർ എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ജ്യോതി വേണുഗോപാൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ. സുമേഷ് സി. വാസുദേവൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 11-11-2020 |
| ഡോ. തത്ത ദമനൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 12-11-2020 | 31-03-2021 |
| ഡോ. അനുപമ കെ. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ സി.ജെ. ഫിജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിന്ധു റ്റി.ഐ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ലൈജു എൽ.കെ. | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-05-2020 |
| ശ്രീമതി സൂസൻ കുര്യൻ | ഹെഡ്മിസ്ട്രസ്സ് | 01-06-2020 | 31-03-2021 |
| ശ്രീമതി മിനി പി.ജി. | ഡെയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Lekha Janardhanan (Senior Grade Auditor, On 20-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 20-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Suryaprabha P.C (Asst. Audit Officer, On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Suryaprabha P.C (Asst. Audit Officer, On 25-06-2022)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 25-06-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Suryaprabha P.C (Asst. Audit Officer, On 25-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗപത്രിക - അപാകതകൾ<br>Written By: Suryaprabha P.C (Asst. Audit Officer, On 25-06-2022)<br>Last Updated By: Suryaprabha P.C (Asst. Audit Officer, On 25-06-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 25-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Lekha Janardhanan (Senior Grade Auditor, On 24-06-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 27-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: T Anilkumar (Audit Officer (HG), On 25-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Lekha Janardhanan (Senior Grade Auditor, On 20-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 20-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Lekha Janardhanan (Senior Grade Auditor, On 20-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 22-06-2022) | 1-10 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം<br>Written By: K S Deepa (Auditor, On 24-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-11 |
| 13 | ഇറച്ചി വ്യാപാരത്തിന് ലേല നടപടിയില്ല - പഞ്ചായത്തിന് വരുമാന നഷ്ടം.<br>Written By: K S Deepa (Auditor, On 24-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 1-12 |
| 14 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അവലോകനം<br>Written By: T Anilkumar (Audit Officer (HG), On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 1-13 |
| 15 | കരാർ വയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കില്ല<br>Written By: T Anilkumar (Audit Officer (HG), On 25-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-14 |
| 16 | പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാർ പണി പൂർത്തിയാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-15 |
| 17 | എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ക്രമപ്രകാരമല്ല<br>Written By: T Anilkumar (Audit Officer (HG), On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 1-16 |

| | | |
|---|---|---|
| 18 | കരാർ നൽകിയ പ്രവൃത്തികൾ വാർഷിക പദ്ധതിയിൽനിന്നും ഒഴിവാക്കി കരാർ അവസാനിപ്പിച്ചു<br>Written By: T Anilkumar (Audit Officer (HG), On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-17 |
| 19 | സ്മാർട്ട് ക്ലാസ് റൂം പദ്ധതി നിർവ്വഹണത്തിൽ അപാകം<br>Written By: Lekha Janardhanan (Senior Grade Auditor, On 24-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 1-18 |
| 20 | മുൻകൂർ തുക കൈപ്പറ്റിയതിനുശേഷം നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: T Anilkumar (Audit Officer (HG), On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 1-19 |
| 21 | അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല<br>Written By: Lekha Janardhanan (Senior Grade Auditor, On 20-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-20 |
| 22 | ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ - ഫയൽ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 24-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-21 |
| 23 | പ്രളയ ഫണ്ട്- 28.01 ലക്ഷം രൂപ നഷ്ടപ്പെട്ടു<br>Written By: Suryaprabha P.C (Asst. Audit Officer, On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-22 |
| 24 | പൊതുടാപ്പുകളുടെ കുടിവെള്ളക്കരം-പ്രത്യേക ഉദ്ദേശ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു<br>Written By: Suryaprabha P.C (Asst. Audit Officer, On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 1-23 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 1-24 |
| 26 | ടെണ്ടർ ക്ഷണിക്കാതെ സോളാർ തെരുവ് വിളക്കുകൾ വാങ്ങി<br>Written By: Suryaprabha P.C (Asst. Audit Officer, On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-25 |
| 27 | മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല<br>Written By: T Anilkumar (Audit Officer (HG), On 26-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-26 |
| 28 | മുൻകൂറായി തുക നൽകിയിട്ടും മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-27 |
| 29 | പാലിയേറ്റീവ് കെയർ പ്രോജക്ടിനായി ടാബ് വാങ്ങൽ-ലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-28 |
| 30 | പൊതു ടാപ്പുകളുടെ വെള്ളക്കരം - പ്രതിവർഷ ബാധ്യത 14.7 ലക്ഷം രൂപ<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 1-29 |
| 31 | ഹരിത കർമ്മസേന-പ്രവർത്തന അവലോകനം<br>Written By: Suryaprabha P.C (Asst. Audit Officer, On 27-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 1-30 |

## ഭാഗം **2**

--- No Records Found ---

## ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lekha Janardhanan (Senior Grade Auditor, On 23-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 23-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Lekha Janardhanan (Senior Grade Auditor, On 23-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 23-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Lekha Janardhanan (Senior Grade Auditor, On 22-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 22-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Lekha Janardhanan (Senior Grade Auditor, On 22-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 22-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lekha Janardhanan (Senior Grade Auditor, On 22-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 22-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം<br>Written By: Lekha Janardhanan (Senior Grade Auditor, On 18-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 18-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Lekha Janardhanan (Senior Grade Auditor, On 22-06-2022)<br>Last Updated By: Lekha Janardhanan (Senior Grade Auditor, On 22-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lekha Janardhanan (Senior Grade Auditor, On 22-06-2022)<br>Last Updated By: Joe M James (Computer Assistant, On 12-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Lekha Janardhanan (Senior Grade Auditor, On 18-06-2022)<br>Last Updated By: Joe M James (Computer Assistant, On 13-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 23.03.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 11.02.2021 ലെ 2(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികധനകാര്യപത്രിക 06.08.2021 ന് ഓഡിറ്റിനായി സമർപ്പിച്ചിരുന്നു. ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ പ്രകാരമുള്ള അക്കൗണ്ടിംഗ് ആരംഭിച്ചത് 28-9-2020 മുതലാണ്. പ്രാരംഭ നടപടിയായി 31-3-2020 ലെ ബാലൻസ് ഷീറ്റ് ILGMS ന്റെ ഓപ്പണിംഗ് ബാലൻസ് ഷീറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്. 1-4-20 മുതൽ 27-9-2020 വരെയുള്ള റസീറ്റ് & പേയ്മെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ പി ഡി ഇ (പാസ്റ്റ് ഡേറ്റ എൻട്രി) പ്രകാരം ILGMS ന്റെ ഭാഗമാക്കിയത് പൊരുത്തപ്പെടുന്നുണ്ട്. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി3 : ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

3. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ Capital Contribution(Acceleration Rural Water Supply Scheme) എന്ന ഹെഡിലാണ് മുന്നിരിപ്പ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

4. മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 35,319 രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

5. ഷെഡ്യൂൾ ബി4 ( Grants & Contributions For Specific Purposes):- സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഗ്രാന്റുകളുടെ നീക്കിയിരുപ്പ് തുക(5268063) ക്യാഷ് ആന്റ് ബാങ്ക് ബാലൻസ് ഷെഡ്യൂളിലെ ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി (Redumption തുക ഉൾപ്പടെ സംയുക്ത പദ്ധതി അക്കൗണ്ട് തുക-4344686) പൊരുത്തപ്പെടുന്നില്ല. ആകെ വ്യത്യാസം-923337

(923337 രൂപയിൽ 720000 രൂപ 31.03.21-ൽ ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന്റെ LGTSB(തനത് ഫണ്ട്)അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുകയാണ്)

6. ഷെഡ്യൂൾ B4:- പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ വർഷങ്ങളായി വാർഷിക കണക്കിൽ ബാധ്യതയായി തുടരുന്നു.ഉദാ:ആയുർവേദ ഡിസ്പെൻസറി മെയിന്റനൻസ്-77000, എസ്.എസ്.എ-34507,

7. ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിൽ ലഭിച്ച 760000 രൂപ Loan From Hudco (330500202) സെക്വേർഡ് ലോൺ ആയി അക്കൗണ്ട് ചെയ്തിരിക്കുന്നു.

8. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്:- അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ പാർട്ട് പേയ്മെന്റ് തുക വാർഷിക കണക്ക് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

9. ഷെഡ്യൂൾ B7-ഡിപ്പോസിറ്റ് രജിസ്റ്ററിൽ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

10. ഷെഡ്യൂൾ B11:-ഗ്രാമപഞ്ചായത്തിന്റെ എല്ലാ മുൻകാല ആസ്തികളും തിട്ടപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് വക ഭൂമി സ്ഥിര ആസ്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബി11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ്‌വെയറിലെ വിവരങ്ങളും കാലികമല്ല.

11. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

12. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല

13. ഷെഡ്യൂൾ B15, RP-43, I-1:വസ്തു നികതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

14. ഷെഡ്യൂൾ ഐ-12 :-ഓപ്പറേഷൻ & മെയിന്റനൻസ് ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന തുകകൾ കൃത്യമല്ല.

| | |
|---|---|
| Repairs & Maintanence -Cement Concrete Roads(Not Included In Plan) | 1384902 |
| Repairs & Maintanence – Tarred Roads(Not Included In Plan) | 1031012 |

15. ഷെഡ്യൂൾ ആർ.പി.-16:- സർവ്വീസ് സെക്ടറിൽ ഉൾപ്പെടുത്തേണ്ട ചെലവുകൾ പ്രൊഡക്ടീവ് സെക്ടറിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

16. ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളുകളിലെ തുകകളും സമാനമായ രസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂളുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം റീക്കൺസിൽ ചെയ്ത് നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

| ഷെഡ്യൂൾ | ഇൻകം & എക്സ്പെൻഡിച്ചർ | രസീപ്റ്റ് & പേയ്മെന്റ് |
|---|---|---|
| Fees & User Charge | I 4-733122 | RP 4- 605402 |
| Administrative Expense | I 11-2616564 | RP-13 : 266001 |
| Operations & Maintanence | I 12:-6028176 | RP 14 :- 4122617 |

മേൽ പരാമർശങ്ങൾക്ക് വിധേയമായാണ് അനുബന്ധം-1 പ്രകാരമുള്ള സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25961010 |
| വരവ് | 69762739 |
| ആകെ | 95723749 |
| ചെലവ് | 80867567 |
| നീക്കിയിരിപ്പ് | 14856182 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12223210 | 12223210 | 12168479 | 54731 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9684000 | 9684000 | 7776921 | 1907079 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 8189519 | 8189519 | 5422673 | 2766846 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 4180000 | 4180000 | 1077320 | 3102680 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 7163000 | 7163000 | 6574471 | 588529 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 3492000 | 3492000 | 2446954 | 1045046 |

| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 1121400 | 1121400 | 1121400 | 0 |
| ലൈഫ് സ്റ്റേറ്റ്ഷെയർ | ० | 760000 | 760000 | 0 | 760000 |
| ശുചിത്വ മിഷൻ | 1711744 | 2236673 | 3948417 | 1685029 | 2263388 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എം.ജി.എൻ.ആർഇ.ജി.എസ് | 3644 | 24773995 | 24777639 | 24775639 | 2000 |
| ഐ.സി.ഡി.എസ്. | 1308481 | 802413 | 2110894 | 939340 | 1171554 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രിക - അപാകതകൾ

എ) വിവിധ ഫണ്ടിനങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഫണ്ടിനങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്രോതസ്സിൽ കുറവ് ചെയ്ത തുക | | |
|---|---|---|---|
| | ഇനം | ആകെ വരവിൽ ഉൾപ്പെടാത്ത തുക | ആകെ ചെലവിൽ ഉൾപ്പെടാത്ത തുക |
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 570706 | |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1226400 | |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 102549 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | വോട്ടിംഗ് മെഷീൻ ചെലവ് | 35319 | 35319 |

ബി) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിലെ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 295 | 130893162 | 226 | 57717711 | 68 | 76.90 |

മേഖലാടിസ്ഥാനത്തിലുള്ള ചെലവ്

| വിഭാഗം | മേഖല | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ജനറൽ | ഉല്പാദനം | 26 | 18554839 | 10085108 |
| | സേവനം | 68 | 54510589 | 18496028 |
| | പശ്ചാത്തലം | 165 | 28749259 | 18409457 |
| പട്ടികജാതി | ഉല്പാദനം | 5 | 2207000 | 1820000 |
| | സേവനം | 17 | 24241475 | 7175927 |
| | പശ്ചാത്തലം | 14 | 2630000 | 1731191 |

| | | | | |
|---|---|---|---|---|
| | ആകെ | 295 | 130893162 | 57717711 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ്

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 18 | 17154139 | 11 | 9159407 | 53.39 |
| 2 | വെറ്ററിനറി സർജൻ | 6 | 1942700 | 5 | 1862700 | 95.88 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 6 | 1362890 | 6 | 1334830 | 97.94 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 400000 | 1 | 400000 | 100 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 31 | 58725723 | 29 | 13744736 | 23.4 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 3425486 | 5 | 2499994 | 72.98 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 1010000 | 3 | 543000 | 53.76 |
| 8 | സെക്രട്ടറി | 32 | 14727696 | 23 | 7265466 | 49.33 |
| 9 | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്. | 6 | 1307071 | 5 | 980328 | 75 |
| 10 | അസി.എഞ്ചിനീയർ | 180 | 29363503 | 133 | 18461146 | 62.87 |
| 11 | അസി.സെക്രട്ടറി | 5 | 1473954 | 5 | 1466104 | 99.47 |
| | ആകെ | 295 | 130893162 | 226 | 57717711 | 76.90 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3644 | 898549 | 902193 | 900193 | 2000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 23875446 | 23875446 | 23875446 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 266 | 4187300 |
| വിധവാപെൻഷൻ | 217 | 15125900 |
| വാർദ്ധക്യകാലപെൻഷൻ | 1769 | 26759300 |
| വികലാംഗപെൻഷൻ | 45 | 3316200 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 929 | 711500 |

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | 50 | 34080 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2022, 11.30 AM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 1142 (ആയിരത്തി ഒരുനൂറ്റി നാൽപ്പത്തിരണ്ട്) രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്. ഫീൽഡ് പരിശോധനയ്ക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് നിശ്ചിത ഇടവേളകളിൽ വാർഡുകളുടെ ചുമതല മാറ്റി നൽകാവുന്നതാണ്.
അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി കുടിശ്ശിക ഈടാക്കുന്നതിനുമുള്ള കാര്യക്ഷമമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും മേലുദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. പൊതു കുടിവെള്ള ടാപ്പുകളുടെ എണ്ണത്തിലെ കൃത്യത ഉറപ്പാക്കാത്തതിനാൽ വെള്ളക്കരം ഇനത്തിൽ അധികച്ചെലവ് ഉണ്ടാകുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉൾപ്പടെ ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2020-21 വർഷം വരെ സൃഷ്ടിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കേണ്ടതുണ്ട്. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കണം. കൃത്യമായ മോണിട്ടറിംഗിലൂടെ പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമത ഉറപ്പ് വരുത്തേണ്ടതാണ്. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ കാലഘട്ടത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.04.2022 | 4/2021-12/2021 | 20.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2012 | 2011-12 | 24.09.2013 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കണം

പഞ്ചായത്തി രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽനിന്നും ബിസിനസ്സ്, തൊഴിൽ, കല, ജോലി,ഉദ്യോഗം, എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്.

1) ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്ന് തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല.

| ക്രമ നംപർ: | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 2 | ഹെൽപ്പ് ജനസേവന കേന്ദ്രം വാഴമുട്ടം ഈസ്റ്റ് | I/II |
| 3 | അക്ഷയ കേന്ദ്രം വള്ളിക്കോട് | I/II |

| | | |
|---|---|---|
| 4 | കോമൺ സർവ്വീസ് സെന്റർ കൈപ്പട്ടൂർ | I/II |

ഇതു സംബന്ധിച്ചുള്ള 17.06.2022ലെ ഓഡിറ്റ് എൻക്വയറി നം:4ന് സെക്രട്ടറിയുടെ മറുപടിയിൽ മേൽ സ്ഥാപനങ്ങളുടെ സ്ഥാപന നികുതി/തൊഴിൽ നികുതി എന്നിവ ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്.

2) കരാറുകാർ തൊഴിൽ നികുതി ഒടുക്കുന്നില്ല .

ഗ്രാമപഞ്ചായത്തിൽ 2020 - 21 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവഹിച്ച ചുവടെ ചേർത്തിട്ടുള്ള കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഈടാക്കിയില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവരിൽനിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

1.ശ്രീ. ഷിജു. മാത്യു, മണ്ണിൽ പുത്തൻ വീട്, കൈപ്പട്ടൂർ.

2.ശ്രീമതി. ശ്രുതി.എസ് ,നെടുംമ്പക്കുഴിയിൽ, കൈപ്പട്ടൂർ.

3. ശ്രീ വിശ്വനാഥപിള്ള,വെള്ളാപ്പള്ളിൽ.

4.ശ്രീ. ജയപ്രകാശ്,ശാന്തിമന്ദിരം ,അരുവാപ്പലം.

5.ശ്രീ. വിജയകുമാരൻ.നായർ,മായാലി മഠത്തിൽ ,വള്ളിക്കോട് .

6.ശ്രീ. വിപിൻ.വി,മായാലി മഠത്തിൽ ,വള്ളിക്കോട് .

7.ശ്രീ.സുഭാഷ്, കാർത്തിക വാഴമുട്ടം.

## 1-12 ഇറച്ചി വ്യാപാരത്തിന് ലേല നടപടിയില്ല - പഞ്ചായത്തിന് വരുമാന നഷ്ടം.

ഓഡിറ്റ് വർഷം പഞ്ചായത്തിൽ ഇറച്ചി വ്യാപാരത്തിനുള്ള അവകാശം ലേലം ചെയ്ത് നൽകിയിട്ടില്ല. പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാന സ്രോതസ്സായ ഇറച്ചിവ്യാപാരത്തിനുള്ള അവകാശം ലേലം ചെയ്ത് നൽകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനം നഷ്ടം ഉണ്ടാകുന്നു. കൂടാതെ അനധികൃത മാംസ വ്യാപാരത്തിനുള്ള സാധ്യതയും ഏറുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേർ, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് (229) പ്രകാരം പൊതുകശാപ്പുശാല പഞ്ചായത്തിന് ഏർപ്പെടുത്താവുന്നതും ഫീസ് ഈടാക്കാവുന്നതുമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടം 6അനുസരിച്ച് ലൈസൻസില്ലാതെ മൃഗങ്ങളെ കശാപ്പുചെയ്യാൻ പാടില്ല. ഇറച്ചിക്കടയ്ക്ക് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭ പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമാണ്. ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ഇറച്ചി വ്യാപാരത്തിന് ലൈസൻസ് നൽകിയിട്ടില്ല.

ശാസ്ത്രീയമായ അറവുശാല ഇല്ലെന്ന കാരണം മറയാക്കി പഞ്ചായത്ത് പരിധിയിൽ അനധികൃത മാംസ വ്യാപാരം വ്യാപകമാണ്. നിയമവും, ചട്ടവും അനുസരിച്ച് മാംസവ്യാപാരം നിയന്ത്രിക്കുന്നതിനും, നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലേലം നടത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അവലോകനം

2020-21 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളും അനുബന്ധ രേഖകളും ഓഡിറ്റ് ചെയ്തതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പശ്ചാത്തലമേഖലയിൽ ഫലക്ഷമത കുറഞ്ഞ പ്രോജക്ടുകൾ നടപ്പിലാക്കുന്നു

പശ്ചാത്തല മേഖലയിൽ പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് കുറഞ്ഞ അടങ്കലുള്ളതും, ഫലക്ഷമത കുറഞ്ഞതുമായ പദ്ധതികളാണ് ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷ പദ്ധതികളിൽ 70 ശതമാനവും 2 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയായിരുന്നു. 5 ലക്ഷത്തിൽ അധികം അടങ്കലുള്ള

ഒരു പ്രോജക്ട് മാത്രമാണുണ്ടായിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി അടങ്കൽ | പ്രോജക്ടുകളുടെ എണ്ണം |
|---|---|
| 50000< | 10 |
| 50000 - 99999 | 32 |
| 100000 - 199999 | 85 |
| 200000 - 299999 | 31 |
| 300000 - 500000 | 21 |
| 500000> | 1 |

കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകളുടെ ബാഹുല്യം പ്രവൃത്തികളുടെ സമയബന്ധിതവും, കാര്യക്ഷമമവുമായ നിർവ്വഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായാണ് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പദ്ധതികൾ ആവിഷ്കരിക്കുന്ന പ്രവണത ഒഴിവാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതാണ്.

<u>പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച</u>

2020-21-ലെ വാർഷിക പദ്ധതിയിൽ 100 സ്പിൽ ഓവർ പദ്ധതികളും, 80 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 180 പ്രവൃത്തികളായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. സ്പിൽ ഓവർ പ്രോജക്ടുകളിൽ 13 എണ്ണവും, പുതിയ പ്രോജക്ടുകളിൽ 34 എണ്ണവും തൻവർഷം നിർവ്വഹണം പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. ഈ പ്രവൃത്തികൾക്ക് വികസന ഫണ്ടിൽനിന്നും, മെയിന്റനൻസ് ഗ്രാന്റിൽനിന്നും വകയിരുത്തിയിരുന്ന 0.53 കോടി രൂപ ലാപ്സായി.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കാതെ വർഷാന്ത്യത്തിലേക്ക് വലിച്ചിഴക്കുന്നതായാണ് കണ്ടത്. ഏകവർഷ പദ്ധതികളായാണ് മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്തിരുന്നത്. ഏക വർഷ പദ്ധതികൾ അതത് വർഷം തന്നെ നിർവ്വഹണം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിന് ഉദ്ദേശിച്ചുള്ളവയാണ്. പദ്ധതികളുടെ നിർവ്വഹണത്തിന് ഒരു കലണ്ടർ വർഷം പൂർണ്ണമായി ലഭിക്കുന്നതിനായാണ് വാർഷിക പദ്ധതിയ്ക്ക് വർഷാരംഭത്തിനു മുമ്പായി സർക്കാർ അംഗീകാരം നൽകുന്നത്. 2020-21 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് വർഷാരംഭത്തിൽതന്നെ അംഗീകാരം ലഭിച്ചെങ്കിലും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അസാധാരണമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. 2020-21-ലെ ആദ്യ ടെണ്ടർ നടന്നിരിക്കുന്നത് 26.08.20-ലാണ്. ടെണ്ടർ നടപടികൾ 2021ഫെബ്രുവരി മാസം വരെ നീണ്ടുപോയിട്ടുണ്ട്. തൻ വർഷം ആകെ 81 പ്രവൃത്തികൾക്കാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. അതിൽ 49 പ്രവൃത്തികൾക്ക് 2021 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ടെണ്ടർ നടപടികളിലെ കാലതാമസം പ്രവൃത്തികൾ വലിയ തോതിൽ സ്പിൽ ഓവറാകുന്നതിനും, ഫണ്ട് ലാപ്സാകുന്നതിനും ഇടയാക്കുന്നു.

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. മെയിന്റനൻസ് പ്രവൃത്തികൾ ഏപ്രിൽ - മേയ് മാസങ്ങളിൽ പൂർത്തീകരിക്കേണ്ട രീതിയിലും പുതിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ഏപ്രിലിൽ തന്നെ തുടങ്ങേണ്ട രീതിയിലും ക്രമീകരിക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്. തുടർന്ന് റോഡ് കോൺക്രീറ്റ്, പാർശ്വഭിത്തി, ടാറിംഗ് പ്രവൃത്തി എന്ന മുൻഗണനാക്രമം അനുവർത്തിക്കേണ്ടതാണ്. പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ കാലാവസ്ഥ, പ്രവൃത്തിയുടെ സ്വഭാവം എന്നിവ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ആവശ്യമായി പൂർത്തീകരണ സമയം അനുവദിക്കേണ്ടതും, ആയതിൽ കൂടുതൽ പൂർത്തീകരണ സമയം ആവശ്യമായ വരുന്ന ഘട്ടങ്ങളിൽ നിയമാനുസൃതമായി മാത്രം ദീർഘിപ്പിച്ചു നൽകേണ്ടതുമാണ്. ആവശ്യമെങ്കിൽ ബഹുവർഷ പ്രോജക്ടുകളായി തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടതാണ് (സർക്കുലർ നം.ഡി.ബി.1/10690/2020/സി.ഇ. /എൽ.ഐ.ഡി.&ഇ.ഡബ്ല്യു.).

<u>ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യുന്നില്ല</u>

പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കുറ്റമറ്റതും പൂർണ്ണവും ആക്കി സൂക്ഷിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷാന്ത്യത്തിലും ആ വർഷത്തെ പദ്ധതിയുടെ ഭാഗമായി ആർജ്ജിച്ച റോഡ്, റോഡിതര ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്ത് സൂക്ഷിക്കേണ്ട ചുമതല എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർക്കാണ്. തദ്ദേശ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ അപ്ഡേറ്റ് ചെയ്യുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ

നൽകിയിരുന്നു. അതൊടൊപ്പംതന്നെ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് മുതലായവ ഉപയോഗിച്ച് നടപ്പിലാക്കുന്ന ആസ്തികളും യഥാസമയം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തി ചട്ടപ്രകാരം രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നത് ആസ്തി രജിസ്റ്ററുകളിലെ വിവരങ്ങൾ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ആയതിനാൽ പഞ്ചായത്ത് വിവിധ ഫണ്ട് ഉപയോഗിച്ച് ആർജ്ജിക്കുന്ന ആസ്തികളുടെ വിശദാംശങ്ങൾ പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം സമയബന്ധിതമായി ആസ്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിലെ നിലവിലുള്ള ആസ്തികളുടെ പുനരുദ്ധാരണത്തിനും, അറ്റകുറ്റപണികൾക്കുമായി നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ സംഗതിയിൽ പ്രോജക്ട് രൂപീകരണ ഫാറത്തിൽ ആസ്തികളുടെ യുണീക് നമ്പർ ചേർക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട ആസ്തികളുടെ പുനരുദ്ധാരണത്തിന് തന്നെയാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതെന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. പ്രോജക്ട് ഫാറത്തിൽ ആസ്തിയുടെ യുണീക് നമ്പർ ചേർക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം [ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ., തീ. 29.03.17, ഖ.12.10(1)] ഓരോ തദ്ദേശ സ്ഥാപനവും ഗതാഗത മേഖലയിലെ പ്രോജക്ട് നിർവ്വഹിക്കുന്നതിന് റോഡ് കണക്ടിവിറ്റി ഭൂപടവും, പ്ലാനും തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി ഭൂപടവും, പ്ലാനും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കിയിരിക്കുന്നത്. റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 കരാർ വയ്ക്കുന്നതിലെ കാലതാമസത്തിന് പിഴ ഈടാക്കില്ല

സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ കരാറുകാർ യഥാസമയം കരാർ വയ്ക്കാത്ത സംഗതിയിൽ പിഴ ഈടാക്കിയിട്ടില്ല. കേരള പി.ഡബ്ല്യൂ.ഡി. മാന്വൽ ഖ.2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശസ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതുണ്ട്. യഥാസമയം കരാർ വെച്ചില്ലെങ്കിൽ PAC-യുടെ 1% പിഴ ഈടാക്കികൊണ്ട് മാത്രമേ കരാറുകാരനെ എഗ്രിമെന്റ് വയ്ക്കാൻ അനുവദിക്കാൻ പാടുള്ളൂ. നോട്ടീസ് അയച്ച് പരമാവധി 24 ദിവസം വരെ മാത്രമാണ് ഫൈനോടുകൂടി എഗ്രിമെന്റ് വയ്ക്കുന്നതിന് അവസരമുള്ളത്. അതിനുശേഷവും എഗ്രിമെന്റ് വച്ചില്ലെങ്കിൽ ടെൻഡർ ക്യാൻസൽ ചെയ്യേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം പിഴ ഈടാക്കുകയോ 24 ദിവസത്തിനുമേൽ എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരുടെ ടെൻഡർ ക്യാൻസൽ ചെയ്യുകയോ ചെയ്തിട്ടില്ലെന്ന് കണ്ടു.

| ക്ര നം. | പ്രോജക്ടിന്റെ പേര് | പി.എ.സി. | സെലക്ഷൻ നോട്ടീസ് തീയതി | എഗ്രിമെന്റ് ഒപ്പുവെച്ച തീയതി | പിഴ തുക (PAC-യുടെ 1%) |
|---|---|---|---|---|---|
| 1 | ചാങ്ങുർപടി - ചാങ്ങുർകടവ് റോഡ് കോൺക്രീറ്റിംഗ് (വാർഡ് -1) - (72/21)<br>അടങ്കൽ - 200000<br>കരാറുകാരൻ - വിജയകുമാരൻ നായർ<br>ടെണ്ടർ നിരക്ക് - 28.2% Below | 143600 | 04.09.20 | 28.09.20 | 1436 |
| 2 | മുകളു മുരുപ്പേൽ പടി -വാളാ കുഴി റോഡ് കോൺക്രീറ്റിംഗ് വാർഡ് 5 (270/21)<br>അടങ്കൽ - 125000<br>കരാറുകാരൻ - ഹരികൃഷ്ണൻ പി.വി.<br>ടെണ്ടർ നിരക്ക് - 0.11% Below | 124863 | 14.11.19 | 04.12.19 | 1249 |
| 3 | ശ്രീനിലയംപടി -പാലനിൽക്കുന്നതിൽപടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 11 (289/21)<br>അടങ്കൽ - 45000<br>കരാറുകാരൻ - ഷിജു മാത്യു | 45000 | 31.12.19 | 12.02.20 | 450 |

| | | | | | |
|---|---|---|---|---|---|
| | ടെണ്ടർ നിരക്ക് - E/R | | | | |
| 4 | പനനിൽക്കുംമുകള് തടത്തിൽപടി റോഡ് കോൺക്രീറ്റിംഗ് (വാർഡ്-8) (179/21)<br>അടങ്കൽ - 160000<br>കരാറുകാരൻ - വിപിൻ വി.<br>ടെണ്ടർ നിരക്ക് - 27% Below | 116800 | 04.09.20 | 28.09.20 | 1168 |
| 5 | മണലേൽപ്പടി -പനച്ചക്കൽ ഭാഗം റോഡ് കോൺക്രീറ്റിംഗ് വാർഡ് 9 (300/21)<br>അടങ്കൽ - 100000<br>കരാറുകാരൻ - സതീഷ് കുമാർ ആർ.<br>ടെണ്ടർ നിരക്ക് - 1.2% Below | 98800 | 22.08.19 | 17.09.19 | 988 |
| 6 | കാവുംമുറിപടി-വിരിയൻകുഴിപടി റോഡ് കോൺക്രീറ്റിംഗ് (197/21)<br>അടങ്കൽ - 170000<br>കരാറുകാരൻ - സെനിത്ത് വി.<br>ടെണ്ടർ നിരക്ക് - 25.1% Below | 127330 | 22.09.18 | 25.10.18 | 1273 |
| 7 | തിരുവംവേലിൽ പടി - കനാല് പടി റോഡ് ഇന്റർലോക്ക് പാകൽ (വാര്ഡ്)-14) (184/21)<br>അടങ്കൽ - 63856<br>കരാറുകാരൻ - ശ്രുതി എസ്.<br>ടെണ്ടർ നിരക്ക് - E/R | 63856 | 08.01.21 | 29.01.21 | 639 |
| 8 | അമ്പലപ്പടി -വാര്യവീട്ടിൽപടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 12 (254/21)<br>അടങ്കൽ - 250000<br>കരാറുകാരൻ - സതീഷ് കുമാർ<br>ടെണ്ടർ നിരക്ക് - 1% Below | 247500 | 22.08.19 | 17.09.19 | 2475 |
| 9 | സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മാണം (239/21)<br>അടങ്കൽ - 443776<br>കരാറുകാരൻ - സുധീഷ് സദാനന്ദൻ<br>ടെണ്ടർ നിരക്ക് - 0.001% Below | 443776 | 03.07.19 | 20.09.19 | 4438 |
| 10 | നരിയാപുരം സെൻറ് പോൾസ് സ്കൂൾപടി റോഡ് മെയിൻറനൻസ് വാർഡ്-15 (313/21)<br>അടങ്കൽ - 200000<br>കരാറുകാരൻ - ഷിജു മാത്യൂ<br>ടെണ്ടർ നിരക്ക് - E/R | 200000 | 10.03.20 | 07.04.20 | 2000 |
| 11 | മണക്കുപ്പ -പന്തലൊടി റോഡ് കോൺക്രീറ്റിംഗ് (303/21)<br>അടങ്കൽ - 105000<br>കരാറുകാരൻ - ബാലചന്ദ്രൻ നായർ<br>ടെണ്ടർ നിരക്ക് - 0.03% Below | 104969 | 14.11.19 | 05.12.19 | 1050 |

നിശ്ചിത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരെ പിഴ ഒടുക്കാതെ കരാർ വെയ്ക്കുന്നതിന് അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/20.06.22) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, പിഴ ഉക ഒടുക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാർ പണി പൂർത്തിയാക്കിയില്ല

2020-21 സാമ്പത്തിക വർഷം പാർട്ട് ബിൽ തുക കൈപ്പറ്റിയിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല.

| ക്രമ നം,. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാറു കാരന്റെ പേര്, കരാർ നം., തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് | പാർട്ട് ബിൽ നൽകിയ തീയതി | പാർട്ട് ബിൽ തുക |
|---|---|---|---|---|---|---|
| 1 | 282/20 | തേവരുതോട്ടത്തിൽപടി-ചരുവിൽപടി റോഡ് മെയിന്റനൻസ് -വാർഡ്-15 അടങ്കൽ – 80733 | ശ്രീ ഷിജു മാത്യു. 98/AE/LSGD /VLKD/19-20, Dtd. 24.01.20 | 4 Months | 31.03.21 | 40180 |
| 2 | 293/20 | കൈപ്പട്ടൂർ ജയസ്റ്റോഴ്സ്പടി-കുരുമ്പേലിൽ കടവ് പുനരുദ്ധാരണം വാർഡ്-2 അടങ്കൽ - 300000 | ശ്രീ ഷിജു മാത്യു. 2/AE/LSGD /VLKD/20-21, Dtd. 06.04.21 | 3 MONTHS | 27.03.21 | 234007 |
| 2 | 87/21 | കാഞ്ഞിരവിള-ചിറയിൽപടി റോഡ് മെയിൻറനൻസ് (വാർഡ്-12) അടങ്കൽ - 315000 | ശ്രീ ഷിജു മാത്യു. 18/AE/LSGD /VLKD/20-21, Dtd. 25.09.20 | 6 MONTHS | 31.03.21 | 223626 |

എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത ടി കരാറുകാർ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നത് അപേക്ഷ നൽകിയിട്ടില്ല. പാർട്ട് ബിൽ കൈപ്പറ്റിയതിനുശേഷം പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരനെതിരെ യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

PWD മാന്വലിലെ ഖ.2116.2.1 പ്രകാരം കരാറുകാരൻ പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിക്കുന്ന പക്ഷം അവശേഷിക്കുന്ന പ്രവൃത്തികളുടെ ചെലവിന്റെ 30% തുക റിസ്ക് & കോസ്റ്റ് ഇനത്തിൽ കരാറുകാരനിൽനിന്നും വസൂലാക്കികൊണ്ട് പ്രവൃത്തി മറ്റ് ഒരു ഏജൻസി മുഖാന്തിരം പൂർത്തീകരിക്കണം. ഇപ്രകാരം പ്രവൃത്തി ക്രമീകരിക്കുമ്പോഴുണ്ടാകാവുന്ന മൊത്തം നഷ്ടം പ്രവൃത്തി പൂർത്തീകരണത്തിനുശേഷം കണക്കാക്കി വീഴ്ചവരുത്തിയ കരാറുകാരനിൽനിന്നും ഈടാക്കണം [The Amount Can Be Realised From The Following. (1) EMD/Security (2) Bill Amount/retention If Any Due To The Contract (3) Any Dues From Department To The Contract (4) Bank Guarantee/Performance Guarantee Or By Filling Civil Suit Against The Contractor].

പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിച്ച് കരാർ ലംഘനം നടത്തിയ കരാറുകാർക്കെതിരെ എഗ്രിമെന്റിലെയും, PWD മാന്വലിലെയും വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് വീഴ്ചയാണ്. ഇവരുടെ സെക്യൂരിറ്റി തുകയും, റീടെൻഷനും കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 1-16 എസ്റ്റിമേറ്റ്/റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ക്രമപ്രകാരമല്ല

ശരിയായ അന്വേഷണമോ, സൈറ്റ് പരിശോധനയോ ഇല്ലാതെ തിടുക്കത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതായും, വേണ്ടത്ര പരിശോധന കൂടാതെ സാങ്കേതിക അനുമതി നൽകുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതുമൂലം പ്രവൃത്തി പൂർണ്ണമായി പൂർത്തിയായതിനുശേഷം സർക്കാരിൽനിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഇടയായിട്ടുണ്ട്.

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം, ചെയ്ത പ്രവൃത്തികൾക്കനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ചട്ടവിരുദ്ധമായി കരാറുകാർക്ക് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട്. ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവന ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം പ്രതീക്ഷിക്കുകയാണെങ്കിൽ ആ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമോ

നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല (പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ സ.ഉ.(കൈ.)നം.17/2018/തസ്വഭവ, തീ.02.02.2018 ഖ.3.8.2).

PWDമാന്വലിലും, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലും നിഷ്കർഷിച്ച പ്രകാരമല്ലാതെ 40 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ബിൽ തുക നൽകിയിട്ടുള്ളതായാണ് കണ്ടത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയ തീയതി | പ്രവൃത്തി മൂല്യം | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | കുടമുക്ക് കോളനിയിലെ പൊതുകിണറിന്റെ അറ്റകുറ്റപണികൾ (320/21)<br>അടങ്കൽ - 75000<br>കരാറുകാരൻ - ഷിജു മാത്യു | 03.07.20 | 14.09.20 | 43380 | 1198644/06.03.21 |
| 2 | കല്ലുങ്ങിൽ പടി കവിനാൽ പടി റോഡ് മെയിന്റനൻസ് (വാർഡ്-11) – (151/21)<br>അടങ്കൽ - 197533<br>കരാറുകാരൻ - ഷിജു മാത്യു | 05.02.21 | 19.02.21 | 196898 | 1198660/06.03.21 |
| 3 | അമ്മൻകോവിൽപടി- മൃഗാശുപത്രി പടി റോഡ് ഇന്റർലോക്ക് പാകൽ (വാർഡ്-2) (93/21)<br>അടങ്കൽ - 140000<br>കരാറുകാരൻ - ഷിജു മാത്യു | 05.11.20 | 05.11.20 | 102547 | 827563/15.12.20 |
| 4 | കുഴിവിളപടി -കിടങ്ങേത്ത് ഏലാറോഡ് കോൺക്രീറ്റിംഗ് വാർഡ് 7 (294/21)<br>അടങ്കൽ - 115000<br>കരാറുകാരൻ - ബാലചന്ദ്രൻ നായർ | 10.06.20 | 10.08.20 | 114468 | 729348/12.11.20 |
| 5 | അമ്പലപ്പടി -വാര്യവീട്ടിൽപടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 12 (254/21)<br>അടങ്കൽ - 250000<br>കരാറുകാരൻ - സതീഷ് കുമാർ | 14.10.20 | 09.11.20 | 239462 | 935286/13.01.21 |
| 6 | വാഴമുട്ടം എൽ.പി.എസ് -അയ്യംകുളത്ത്പടി റോഡ് കോൺക്രീറ്റിംഗ് വാർഡ് 7 (291/21)<br>അടങ്കൽ - 201136<br>കരാറുകാരൻ -ബാലചന്ദ്രൻ നായർ | 17.06.20 | 10.08.20 | 198028 | 729357/12.11.20 |
| 7 | ഫ്രണ്ട് ആഫീസ് മെയിന്റനൻസ് (305/21)<br>അടങ്കൽ - 350000<br>കരാറുകാരൻ - ശ്രീ സുധീഷ് കുമാർ | 11.05.20 | 19.10.20 | 115714 | തനത് ഫണ്ട് |
| 8 | തേരകത്തുപടി-കോടത്തുകാവ് റോഡ് കോൺക്രീറ്റിംഗ് (വാർഡ്-13) (182/21)<br>അടങ്കൽ - 160000<br>കരാറുകാരൻ - വിപിൻ വി. | 20.10.20 | 09.11.20 | 116282 | 759459/23.11.20 |

എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിച്ചശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി പൂർത്തീകരിക്കാം എന്ന മുൻധാരണ അംഗീകരിക്കാനാവില്ല. തീർത്തും ഒഴിച്ചുകൂടാനാകാത്ത സന്ദർഭങ്ങളിൽ മാത്രം കാര്യകാരണ സഹിതമുള്ള റിപ്പോർട്ടോടുകൂടി ഭരണ സമിതിയുടെ അംഗീകാരത്തോടെ ഏറ്റവും സുതാര്യമായ രീതിയിൽ ടി.എസ്. അതോറിറ്റിയുടെ മുൻകൂർ അനുമതിയോടുകൂടി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാവുന്നതാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും/മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായതിനാൽ തീർത്തും ഒഴിവാക്കേണ്ടതാണ്.

ൽറെ

## 1-17 കരാർ നൽകിയ പ്രവൃത്തികൾ വാർഷിക പദ്ധതിയിൽനിന്നും ഒഴിവാക്കി കരാർ അവസാനിപ്പിച്ചു

ഓഡിറ്റ് നടത്തിയ പരിശോധനയിൽ 2019-20 വർഷം കരാറിലേർപ്പെട്ടതും, 2020-21-ലെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നതുമായ 7 പ്രവൃത്തികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചിട്ടുള്ളതായി കണ്ടു. പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | കരാറുകാരൻ/എഗ്രിമെന്റ് നം./സെക്യൂരിറ്റി തുക |
|---|---|---|---|
| 151/20 | ഇളങ്ങാട്ട് മല്ലശ്ശേരിയിൽ റോഡ് മെയിന്റനൻസ് വാർഡ് 4 | 75000 | ഷിജു മാത്യു<br>50/AE/VLKD/19-20, Dtd. 26.11.19<br>(₹3400) |
| 115/20 | 91-ാം നമ്പർ അങ്കണവാടി ചുറ്റുമതിലും ഗേറ്റും വാർഡ് 11 | 50000 | വിപിൻ വി.<br>114/AE/VLKD/19-20, Dtd. 31.3.20<br>(₹2300) |
| 265/20 | കുറ്റിയിൽപടി - പുത്തൻപറമ്പിൽപടി റോഡ് സൈഡ്കെട്ട് | 25150 | സുധീഷ് എസ്.<br>117/AE/LSGD/VLKD/18-19, Dtd. 27.02.19 (₹1258) |
| 165/20 | മരങ്ങാട്ട് കോളനി കോൺക്രീറ്റ് സ്റ്റെപ്പ് നിർമ്മാണം വാർഡ് 9 | 90000 | ഷിജു മാത്യു<br>108/AE/VLKD/19-20, Dtd. 20.03.20 (₹4000) |
| 128/20 | 86-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് വാർഡ് 4 | 100000 | വിപിൻ വി.<br>116/AE/VLKD/19-20, Dtd.31.03.20<br>(₹4500) |
| 109/20 | 81-ാം നമ്പർ അങ്കണവാടി മലമ്പുറംപടി റോഡ് മെയിന്റനൻസ് വാർഡ് 12 | 380733 | ബബലു ടോം സഖറിയ<br>76/AE/VLKD/19-20, Dtd.5.12.19<br>(₹17800) |
| 117/20 | കാഞ്ഞിരം നിൽകുന്നതിൽപടി - പാലവിളപടി റോഡ് സംരക്ഷണഭിത്തി വാർഡ് 7 | 49000 | വിജയകുമാരൻ നായർ<br>63/AE/VLKD/19-20, Dtd. 29.11.19<br>(₹2200) |

പ്രാദേശികമായി നിലനിന്ന തർക്കങ്ങളും, പ്രശ്നങ്ങളും പ്രവൃത്തി നിർവ്വഹണത്തിന് തടസ്സമായതിനാൽ ടി പ്രവൃത്തികൾ ഉപേക്ഷിച്ചതായും, കരാറുകാരുടെ സെക്യൂരിറ്റി/പെർഫോർമൻസ് ഗ്യാരന്റി തുകകൾ മടക്കി നൽകുന്നതിന് കമ്മിറ്റി തീരുമാനിച്ചതായുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ വിശദീകരിച്ചത്. പ്രവൃത്തികൾ നിർവ്വഹിക്കാതിരുന്നതിന് നിർവ്വഹണോദ്യോസ്ഥൻ നിരത്തിയ കാരണങ്ങൾ ഒന്നും തന്നെ കമ്മിറ്റിയിൽ ചർച്ച ചെയ്യതായോ, പ്രവൃത്തികളുടെ കരാർ റദ്ദ് ചെയ്യുന്നതിന് കമ്മിറ്റി തീരുമാനിച്ചതായോ കണ്ടില്ല. ഇക്കാരണത്താൽ നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം ആധികാരികമോ, വിശ്വസനീയമോ അല്ല. പ്രവൃത്തികൾക്ക് ഭരണ/സാമ്പത്തികാനുമതി നൽകിയ അധികാര സ്ഥാനത്തിന്റെ വ്യക്തമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി ക്രമങ്ങൾ പാലിച്ച് പ്രവൃത്തികൾ ക്ലോസ് ചെയ്യാതെ, കരാറുകാരെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കിയതും, അവരുടെ ജാമ്യനിക്ഷേപ തുകകൾ മടക്കി നൽകിയതും ക്രമപ്രകാരമല്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 സ്മാർട്ട് ക്ലാസ് റൂം പദ്ധതി നിർവ്വഹണത്തിൽ അപാകം

| | |
|---|---|
| പ്രോജക്ട് നം. | S00333/21 (SO) |
| പ്രോജക്ടിന്റെ പേര് | ഗവ.എൽ.പി.എസ്. നരിയാപുരം, ഗവ.എൽ.പി.എസ്. വയലാ വടക്ക് എന്നിവിടങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം |
| അടങ്കൽ | ₹434600 (മെയിന്റനൻസ് ഗ്രാന്റ് - ₹432879, തനത് ഫണ്ട് - ₹1721) |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ, വള്ളിക്കോട് |
| ചെലവ് | ₹408400 |
| ബിൽ നം., തീ. | 1/20-21, തീ.23-11-20 |

1. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല - 79744 രൂപയുടെ അധിക ചെലവ്

ഗവ. എൽ.പി.എസ്, നരിയാപുരം, ഗവ. എൽ.പി.എസ്, വയലാ വടക്ക് എന്നീ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം

സജ്ജീകരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി ലാപ്പ്ടോപ്പ്, മൾട്ടീമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, സിറാമിക് വൈറ്റ് റൈറ്റിംഗ് ബോർഡ്, ഡിജിറ്റൽ പോഡിയം, ജഫേഴ്സൺ ചെയർ, റിവോൾവിംഗ് ചെയർ, കമ്പ്യൂട്ടർ ടേബിൾ, സ്പീക്കർ, എന്നിവ വാങ്ങി സ്ഥാപിക്കുകയും പി.വി.സി സീലിംഗ്, കർട്ടൺ സ്ഥാപിക്കൽ എന്നീ ജോലികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ടെൻഡർ മുഖേന ആവലോൺ സിസ്റ്റം & സർവീസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി. ഹാർഡ്‌വെയർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് സ.ഉ.(സാധാ)നം.97/2018/പൊ.വി.വ., തീയതി 06.01.18 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, 27-09-19 ലെ പുതുക്കിയ മാർഗ്ഗ നിർദ്ദേശം സ.ഉ.(സാധാ)നം.3847/19/പൊ.വി.വ., തീ. 27-09-19 എന്നിവ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ലാപ്പ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, യു.എസ്.ബി.സ്പീക്കർ, ബ്രോഡ് ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ എന്നിവയാണ് ഐ.സി.ടി. മാർഗ്ഗരേഖ പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂമിന് ആവശ്യമായ ഉപകരണങ്ങൾ. എന്നാൽ ഐ.സി.ടി.മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടില്ലാത്ത ഡിജിറ്റൽ പോഡിയം പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുണ്ട്. ഡിജിറ്റൽ പോഡിയത്തിന് 54237.28 രൂപ ചെലവഴിച്ചു. കൂടാതെ പ്രോജക്ടറിന് സർക്കാർ നിശ്ചയിച്ചതിനേക്കാൾ കൂടിയ വിലയാണ് നൽകിയിട്ടുള്ളത്.

| ക്രമ നം. | ഇനം | സർക്കാർ നിശ്ചയിച്ച വില | ഉപകരണങ്ങൾ വാങ്ങിയ വില | അധികം നൽകിയത് (2 എണ്ണം ) |
|---|---|---|---|---|
| 1 | പ്രൊജക്ടർ | 22509 | 28906.25 | 6397.25x2=<br>12794.5 |

മേൽപ്പറഞ്ഞ പ്രകാരം അനുവദനീയമായതിനേക്കാൾ 67032 രൂപ അധികം ചെലവഴിച്ചു.

(2) അഞ്ച് വർഷ വാറന്റിയുള്ള ഉപകരണങ്ങൾ വാങ്ങണമെന്ന സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല. ഹാർഡ്‌വെയർ പരാതികൾ വിതരണക്കാർ 2 പ്രവർത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും പരമാവധി 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണെന്നും അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ നിരക്കിൽ, പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ പിഴ ഈടാക്കേണ്ടതുമാണെന്നുമുള്ള സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശം സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്മാർട്ട് ക്ലാസ്സ്റൂമുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. ഐ.സി.ടി. മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ടെൻഡറുകളുടെ പരിശോധന നടത്തിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/21-06-22) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 67032 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. സ്മാർട്ട് ക്ളാസ്സ് റൂം പദ്ധതി - ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെ വാങ്ങലുകൾ നടത്തി

സ്മാർട്ട് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ ഗവ. എൽ.പി.എസ്., നരിയാപുരം, ഗവ. എൽ.പി.എസ്., വയലാ വടക്ക് എന്നീ സ്കൂളുകൾക്കാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ ഗവ.എൽ.പി.എസ്., വയലാ വടക്ക് എന്ന സ്കൂളിന് നൽകിയിട്ടുള്ള ഉപകരണങ്ങൾ സ്മാർട്ട് ക്ലാസ് റൂമിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാതെയാണ് വാങ്ങിയത്. നാലാം ക്ലാസ് കുട്ടികൾ പഠിക്കുന്ന ക്ലാസ് റൂമിലാണ് സ്മാർട്ട് ക്ലാസ്സ് റൂം ഉപകരണങ്ങൾ സജ്ജീകരിച്ചത്. റൂം സജ്ജീകരിക്കുന്നതിന്റെ ഭാഗമായി മുറി PVC സീലിംഗ് നടത്തിയത് പൂർണ്ണമായും പൊളിഞ്ഞു പോയ അവസ്ഥയിലാണ്. ഒപ്പം മേൽക്കൂരയുടെ ചോർച്ചയും കൂടി ആയതിനാൽ പ്രോജക്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിടത്തുനിന്നും അഴിച്ചുമാറ്റി ഭദ്രമായി അലമാരയിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടത്.




സ്മാർട്ട് ക്ലാസ് റൂമിന്റെ സീലിംഗ് തകർന്ന നിലയിൽ

പൊതു ഖജനാവിൽനിന്നും ലക്ഷകണക്കിന് രൂപ ചെലവഴിച്ച് സജ്ജീകരിച്ച സ്മാർട്ട് ക്ലാസ്റൂമാണ് ഇപ്രകാരം കുട്ടികൾക്ക് ഉപയോഗപ്പെടാതെ ഫലശൂന്യമായിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ നിർദ്ദിഷ്ട ആവശ്യത്തിന് ഉപയോഗപ്പെടുത്താതെ സൂക്ഷിക്കുന്നത് അതിന് ചെലവഴിച്ച തുകയുടെ ദുർവിനിയോഗത്തിന് തുല്യമാണ്. മാത്രവുമല്ല ലാപ്ടോപ്പും, പ്രോജക്ടറും ഉൾപ്പടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ ദീർഘകാലം ഉപയോഗിക്കാതെ സൂക്ഷിക്കുന്നത് അവ കേടാകുന്നതിന് ഇടയാക്കും. മതിയായ ഭൗതികസാഹചര്യങ്ങൾ ഒരുക്കി സ്മാർട്ട് ക്ലാസ്സ് റൂം പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 മുൻകൂർ തുക കൈപ്പറ്റിയതിനുശേഷം നിർമ്മാണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സ്റ്റഡി റൂം നിർമ്മാണം (201/21) | അമ്പിളി പി.കെ,, കാഞ്ഞികരപ്പാറഉമേഷ് ഭവനം, വാഴമുട്ടം ഈസ്റ്റ് പി.ഒ. | 60000 |
| 2 | വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മാണം-വെളിയിട വിസർജ്ജനമുക്ത പ്രത്യേക പദ്ധതി (329/21) | പൊടിയമ്മ, പുതുപ്പറമ്പില്, കൈപ്പട്ടൂർ | 12000 |
| 3 | പട്ടികജാതി ഗുണഭോക്താക്കൾക്ക് കക്കൂസ് അറ്റകുറ്റപണിക്ക് ധനസഹായം (378/21) | (1) തുളസീധരൻ, പതിയാന്റെ കിഴക്കേതിൽ, നരിയാപുരം | 5000 |
| | | (2) പൊടിയമ്മ കോയിക്കലേത്ത് മലയിൽ, കൈപ്പട്ടൂർ | 5000 |
| | | (3) ഭവാനി കാഞ്ഞിരപ്പാറപുത്തൻവീട്, വാഴമുട്ടം | 5000 |
| | | (4) ഗീതാ ഗോപി, അയത്തിൽ, മാമ്മൂട് പി.ഒ. | 5000 |
| | | (5) ശ്രീധരൻ ചന്ദനത്തിൽ, മാമ്മൂട് പി.ഒ | 5000 |
| | | (6) സുനിൽ ജി., ചാവരുകുഴിയിൽ വാഴമുട്ടം | 5000 |

| | | | |
|---|---|---|---|
| | | (7) രാജു കെ., കുറ്റിവടക്കേൽ, വള്ളിക്കോട് | 4240 |
| | | (8) സജിത, കരീക്കാട്ടിൽ, ഞക്കുനിലം | 5000 |
| | | (9) മണിയമ്മ, കോയിക്കലേത്ത് മലയിൽ, കൈപ്പട്ടൂർ | 5000 |
| 4 | വ്യക്തിഗത ഗാർഹിക കക്കൂസ് അറ്റകുറ്റപണി (342/21) | (1) കമലാദേവി, അനീഷ് ഭവൻ, വള്ളിക്കോട് | 5000 |
| | | (2) രമണി, കുറ്റിയിൽ, വയലാവടക്ക് | 4240 |
| | | (3) പൊന്നമ്മ എൻ.കെ., മങ്ങാട്ട്, നരിയാപുരം | 4240 |
| | | (4) രാജമ്മ, ചാങ്ങേത്ത്കിഴക്കേതിൽ, നരിയാപുരം | 4240 |

അഡ്വാൻസ് തുക കൈപ്പറ്റിയതിനുശേഷം ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിൽ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും, റവന്യൂ റിക്കവറി ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ടി ഗുണഭോക്താക്കൾ പണിപൂർത്തീകരിക്കുന്നതിനോ, അല്ലാത്ത പക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കപ്പെടുന്നില്ല

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 2018-19വർഷം 324750രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2018-19മുതൽ 2021-22 വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 2018-19 | 324750 | 642810 | 967560 | 156859 | 810701 |
| 2019-20 | 810701 | 734170 | 1544871 | 236390 | 1308481 |
| 2020-21 | 1308481 | 802413 | 2110894 | 939340 | 1171554 |
| 2021-22 | 1171554 | 438889 | 1610443 | 722910 | 887533 |

31.3.22 ൽ പ്രസ്തുത ഇനത്തിൽ ആകെ 887533 രൂപ അവശേഷിക്കുന്നുണ്ട്. ടി തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടുകൾ - ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ഫയൽ സൂക്ഷിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുകയുണ്ടായി പ്രോജക്ടുകളുടെ ഫയലുകൾ ക്രമരഹിതമായാണ് സൂക്ഷിച്ചിരിക്കുന്നത്. പ്രോജക്ട് ഫോറം, ട്രഷറി ബില്ലുകളുടെ പകർപ്പുകൾ, അനുബന്ധ വൗച്ചറുകൾ, ടെണ്ടർ ക്ഷണിച്ചതിന്റെ ഫയലുകൾ, കാഷ് ബില്ലുകൾ, സ്റ്റോക്ക് രേഖകൾ ഇവ ഒറ്റ ഫയലായി സൂക്ഷിക്കുന്നില്ല. രേഖകൾ പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നുമില്ല. പ്രോജക്ട് ഫോറം, ട്രഷറി ഫയലുകളോടൊപ്പം ഹാജരാക്കിയിരുന്നില്ല. രേഖകൾ ക്രമീകരിച്ച് സൂക്ഷിക്കാതിരുന്നത് പ്രോജക്ടുകളുടെ പരിശോധന ദുഷ്കരമാക്കി. ഓരോ പദ്ധതികളുടേയും പ്രോജക്ട് ഫോറം, ട്രഷറി ബില്ലുകളുടെ പകർപ്പുകൾ, ഓരോ ബില്ലുകളുടേയും ചെലവുരേഖകൾ, വാങ്ങലുകളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ ടെണ്ടർ രേഖകൾ, മറ്റ് അനുബന്ധ രേഖകൾ ഇവ ഒറ്റ ഫയലായി സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം

വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 പ്രളയ ഫണ്ട്- 28.01 ലക്ഷം രൂപ നഷ്ടപ്പെട്ടു

2018-ലെ മഹാപ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ അനുവദിച്ച പ്രത്യേക വിഹിതത്തിൽ 2801461 രൂപ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കാത്തതിനാൽ നഷ്ടപ്പെട്ടു.

12/12/2019-ലെ സ.ഉ(സാധാ.)9823/2019/ധന നമ്പർ ഉത്തരവ് അനുസരിച്ച് പ്രളയബാധിത പഞ്ചായത്തിനുള്ള പൊതുവിഭാഗം വിഹിതമായി 2718000 രൂപയും പട്ടികജാതി ഉപപദ്ധതി വിഹിതമായി 1588000 രൂപയും അനുവദിച്ചിരുന്നു. പൊതു വിഭാഗത്തിൽ അനുവദിച്ച 2718000 രൂപയിൽ 2678000 രൂപ പശ്ചാത്തല മേഖലയിൽ റോഡ് കോൺക്രീറ്റിംഗ്/റീടാറിംഗ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് വകയിരുത്തിയത്. എസ്.സി.പി വിഹിതം ഉപയോഗിച്ച് ദുരിതാശ്വാസകേന്ദ്രം നിർമ്മിക്കുന്നതിനായി 1263000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അനുമതി നിഷേധിച്ചതിനാൽ നടപ്പായില്ല. 2019-20 വർഷം ആകെ 4306000 രൂപ അനുവദിച്ചതിൽ 39750 രൂപ മാത്രമേ ചെലവഴിക്കാനായുള്ളൂ. ബാക്കി തുക 2020-21 വർഷം വീണ്ടും അനുവദിച്ചുവെങ്കിലും പ്രത്യേക വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ചതുക | | ആകെ ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| | | 2019-20 | 2020-21 | | |
| പൊതു വിഭാഗം | 2718000 | 39750 | 1173899 | 1213649 | 1504351 |
| എസ്.സി.പി. വിഹിതം | 1588000 | 0 | 290881 | 290881 | 1297119 |
| ആകെ | 4306000 | 39750 | 1464780 | 1504530 | 2801470 |

പ്രളയ വിഹിതമായി അനുവദിച്ച തുകയിൽ 28.01 ലക്ഷം രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടു. ഈ ഫണ്ട് 2021-22 വർഷം അനുവദിക്കാത്തതിനാൽ ഈ ഫണ്ട് വകയിരുത്തിയ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് 2021-22 വർഷത്തെ വിഹിതത്തിൽ നിന്നും ഫണ്ട് കണ്ടെത്തേണ്ട ബാധ്യത കൂടി ഗ്രാമപഞ്ചായത്തിനുണ്ടായി. പ്രത്യേക വിഹിതം ചെലവഴിക്കുന്നതിനായി മതിയായ സമയം ലഭ്യമായിട്ടുകൂടി ഫണ്ട് നഷ്ടപ്പെടുത്തിയത് ഭരണതല നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 പൊതുടാപ്പുകളുടെ കുടിവെള്ളക്കരം-പ്രത്യേക ഉദ്ദേശ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കൽ (2/21) എന്ന പ്രോജക്ട് പ്രകാരം പ്രത്യേക ഉദ്ദേശ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 735000 രൂപ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കുന്നതിനായി വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് ഇപ്രകാരം ധനകാര്യ കമ്മീഷൻ(Tied) ഗ്രാന്റ് ചെലവഴിച്ചത്.

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നത് അടിസ്ഥാന വിഹിതം, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലാണ്. അടിസ്ഥാന വിഹിതത്തിന് മേഖലാതല നിബന്ധനകൾ ബാധകമല്ല. എന്നാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ 50 ശതമാനം തുക ശുചിത്വം, ഖര-ദ്രവ മാലിന്യം സംസ്കരണം, വെളിയിട വിസർജന വിമുക്ത സ്ഥിതി (ODF Status) നിലനിർത്തുന്നതിനും, ODF+ പദവി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും ബാക്കി 50 ശതമാനം തുക കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണവും ജലസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും (Reuse/recycling Of Water) എന്നീ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂവെന്ന് സ.ഉ(കൈ)നം.103/2020/ത.സ്വ.ഭ.വ തീയതി 30/06/2020 നമ്പർ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് സ്ട്രീറ്റ്ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് പ്രത്യേക ഉദ്ദേശ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തനത് ഫണ്ടിന്റെ കുറവ് കാരണമാണ് ഇപ്രകാരം ഫണ്ട് വകയിരുത്താനിടയായത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഫണ്ട് ചെലവഴിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേക ഉദ്ദേശ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് സാധൂകരണം വാങ്ങാൻ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് വിവിധ നിർവ്വഹണ ഏജൻസികളിൽ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകൾക്കായി തുക മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഏക വർഷ പദ്ധതിയായി അംഗീകാരം നേടി അതാത് സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കണം എന്ന കരാർ നിബന്ധനയ്ക്ക് വിധേയമായാണ് നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് കൈമാറിയിട്ടുള്ളത് എങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ച് അന്തിമ ബില്ലും വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | വർഷം | നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|---|
| വളവിൽ കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ, 118/18 | 2017-18 | വാട്ടർ അതോറിറ്റി | 313000 |
| അങ്കണവാടികൾക്ക് മീറ്റർ സ്ഥാപിക്കൽ,146/15 | 2014-15 | കെ.എസ്.ഇ.ബി | 63270 |
| എസ്.സി.കോളനികൾക്ക് സ്ട്രീറ്റ്മെയിൻ, 183/15 | 2014-15 | കെ.എസ്.ഇ.ബി | 203895 |
| സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ, 245/19 | 2018-19 | കെ.എസ്.ഇ.ബി | 354586 |
| സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ, 200/19 | 2018-19 | കെ.എസ്.ഇ.ബി | 99710 |
| മലമ്പുറത്ത് കോളനി സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ, 269/20 | 2019-20 | കെ.എസ്.ഇ.ബി | 50504 |
| ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ, 272/20 | 2019-20 | കെ.എസ്.ഇ.ബി | 38940 |
| ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ, 230/21 | 2020-21 | കെ.എസ്.ഇ.ബി | 535930 |
| പട്ടികജാതി കോളനികളിൽ സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ, 230/21 | 2020-21 | കെ.എസ്.ഇ.ബി | 295796 |
| ആകെ | | | 1955631 |

വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളിൽ പ്രോജക്റ്റ് നമ്പർ 118/18 ഒഴികെയുള്ളവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രപ്രകാരം ചെലവാകാതെ ശേഷിച്ച 243828 രൂപ തിരികെ ലഭിച്ചത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി-യ്ക്ക് കത്ത് നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തത് മൂലം ഫണ്ട് ചെലവഴിച്ചിട്ടും ടി പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത അവസ്ഥയാണ്. നിർവ്വഹണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ടി പ്രവൃത്തികൾ സംബന്ധിച്ച് അവലോകനം നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ടെണ്ടർ ക്ഷണിക്കാതെ സോളാർ തെരുവ് വിളക്കുകൾ വാങ്ങി

2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച കോളനികളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ പ്രോജക്റ്റുകൾ (377/21, 18/21) പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിന് എസ്.സി.പി. ഫണ്ടിൽ നിന്നും 208914 രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ കെ.എസ്.ഐ.ഇ-ൽ നിന്നും സോളാർ തെരുവ് വിളക്കുകൾ നേരിട്ട് വാങ്ങുകയാണുണ്ടായത്.

സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02/06/17-ലെ ഡി.എ1/244/2017/Lsgd സർക്കുലർ അനുസരിച്ച് സംസ്ഥാന തലത്തിൽ എംപാനൽ ചെയ്ത സ്ഥാപനങ്ങളുടെ വിശദാംശം അനർട്ടിൽ നിന്നും വാങ്ങി ടി ലിസ്റ്റിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചുവേണം പ്രോജക്റ്റ് നടപ്പിലാക്കേണ്ടത്. അനർട്ടിന്റെ സാങ്കേതിക സഹായം പ്രോജക്റ്റ് നിർവ്വഹണത്തിൽ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുകയാണ്. സോളാർ തെരുവ് വിളക്കുകൾ ടെണ്ടർ കൂടാതെ കെ.എസ്.ഐ.ഇ -യിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതി ഉണ്ടായിരുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് അപാകത ആവർത്തിക്കില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. സോളാർ വിളക്കുകൾ ഇപ്പോഴും പ്രവർത്തന ക്ഷമമാണെന്ന് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പ്രോജക്റ്റ് നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല

2019 വർഷം മുതലുള്ള മരണ രജിസ്ട്രേഷൻ രേഖകളും, പഞ്ചായത്തിൽനിന്നും നിലവിൽ ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ ലിസ്റ്റും (Active Pensioners List) താരതമ്യം ചെയ്ത് പരിശോധിച്ചതിൽ ഈ കാലയളവിൽ മരണപ്പെട്ട 9 പേർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്തുവരുന്നതായി വ്യക്തമായി. ഇപ്രകാരം പരേതർക്ക് പെൻഷൻ വിതരണം ചെയ്ത ഇനത്തിൽ 181000 രൂപ പൊതു ഖജനാവിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | പെൻഷണറുടെ മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | |
|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക |
| 1 | ഭവാനി<br>3/63, കുറ്റിയിൽ വീട്, കൈപ്പട്ടൂർ P. O | 104100200431 | വാർദ്ധക്യകാല പെൻഷൻ | 13.08.19 | 09/19 - 05/22 | 47400 |
| 2 | ഓമന എസ്സ്.<br>7/459, കാഞ്ഞിരംനില്ക്കുന്നതിൽ, വള്ളിക്കോട് P. O | 104100100482 | കർഷക തൊഴിലാളി പെൻഷൻ | 09.08.20 | 09/20 - 05/22 | 32500 |
| 3 | ജോർജ് പി.ഡി.<br>8/149, പുത്തൻവിളയിൽ , വാഴമുട്ടം ഈസ്റ്റ് വാഴമുട്ടം P.O. | 104100202333 | വാർദ്ധക്യകാല പെൻഷൻ | 03.10.20 | 11/20 - 05/22 | 29700 |
| 4 | കമലമ്മ എൻ.<br>15/217, കൊച്ചുപ്ലാവിളയിൽ, നരിയാപുരം | 104100201073 | വാർദ്ധക്യകാല പെൻഷൻ | 21.12.20 | 01/21 - 05/22 | 26900 |
| 5 | അമ്മിണി<br>3/396, ചാഞ്ഞപറമ്പിൽ, വള്ളിക്കോട് P. O | 104100200606 | വാർദ്ധക്യകാല പെൻഷൻ | 20.12.20 | 01/21 - 05/22 | 26900 |
| 6 | അമ്മിണി യോഹന്നാൻ<br>11/99, അടകകിഴക്കേതിൽ, കൈപ്പട്ടൂർ<br>(അക്കൗണ്ട് ക്ലോസ് ചെയ്ത തിനാൽ പെൻഷൻ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല ) | 104100200947 | വാർദ്ധക്യകാല പെൻഷൻ | 10.06.21 | 07/21 - 05/22 | (17600) |
| 7 | രവി.റ്റി.കെ<br>14/152, തേവരുതോട്ടത്തിൽ, നരിയാപുരം P. O | 104100200577 | വാർദ്ധക്യകാല പെൻഷൻ | 08.06.21 | 07/21 - 05/22 | 17600 |
| | | | | | | 181000 |

ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രാഥമികമായി പരിശോധിച്ച് കണ്ടെത്തിയ വിവരങ്ങളാണ് മേൽ കൊടുത്തിട്ടുള്ളത്. ആയതിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. മേൽ പറഞ്ഞ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിനെ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റിയതായി കാണുന്ന പക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതും , ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരവകാശികളിൽനിന്നും തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-27 മുൻകൂറായി തുക നൽകിയിട്ടും മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂർ നൽകിയ തുകയിൽ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ഇപ്പോഴും ലഭ്യമാകുവാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം | നൽകിയ തുക | ലഭ്യമായത് | അവശേഷിക്കുന്നത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ മരുന്ന്, ഉപകരണങ്ങൾ SO 27/21 | 208280/ | 147130 | 61150 |
| | | 33850 | 22921 | 10929 |
| 2 | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ SO 031/21 | 200000 | 179727 | 20273 |

അവശേഷിക്കുന്ന ഉപകരണങ്ങളും മരുന്നും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് കെയർ പ്രോജക്റ്റിനായി ടാബ് വാങ്ങൽ-ലക്ഷ്യം പൂർത്തീകരിച്ചില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പാലിയേറ്റീവ് കെയർ പദ്ധതിയുടെ(27/21) ഭാഗമായി ,2020-21 സാമ്പത്തിക വർഷം പാലിയേറ്റീവ് കെയർ യൂണിറ്റിന് കെൽട്രോണിൽ നിന്നും ടാബ് വാങ്ങുന്നതിന് ബിൽ നം. 529/26.03.2021 പ്രകാരം 18360 രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയറിന്റെ ഭാഗമായുള്ള റിപ്പോർട്ടിംഗ്, റെക്കോഡുകൾ സൂക്ഷിക്കൽ എന്നിവയിലുള്ള നിലവിലെ തടസ്സങ്ങൾ പരമാവധി പരിഹരിക്കുന്നതിനും ടെലി കൗൺസിലിംഗ്, ടെലി കൺസൾട്ടേഷൻ എന്നിവ നടപ്പിലാക്കുന്നതിനുമായിട്ടാണ് ടാബ് വാങ്ങുന്നതിന് എൻ.എച്ച്.എം. നിർദ്ദേശിച്ചത്. എന്നാൽ മേൽ സംവിധാനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ നാളിതുവരെ എൻ.എച്ച്.എം. ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാങ്ങിയ ടാബ് ടി ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ കഴിയാതെ പാലിയേറ്റീവ് കെയർ നഴ്സ് കൈവശം സൂക്ഷിച്ചിരിക്കുകയാണ്. ഈ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി, ടാബ് ഉപയോഗപ്രദമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 പൊതു ടാപ്പുകളുടെ വെള്ളക്കരം - പ്രതിവർഷ ബാധ്യത 14.7 ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത് 280 പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 122500രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ നിജപ്പെടുത്താതെയാണ് ഇപ്രകാരം വെള്ളക്കരം ഒടുക്കുന്നത്. 21.02.19-ലെ നം.ഡി.എ.1/17/2019/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി സംയുക്ത പരിശോധന നടത്തണമെന്നും കോളനികളിലെ ഒഴികെയുള്ള സ്ഥലങ്ങളിലെ പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിലെ ഒരു പ്രധാന ആവർത്തന ചെലവ് എന്ന നിലയിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിശ്ചയിക്കാതെ വെള്ളക്കരം ഒടുക്കുന്നത് ശരിയായ നടപടിയല്ല. റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുമായി തൻവർഷം 1470000 രൂപ വെള്ളക്കരം ഒടുക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

വള്ളിക്കോട്-കൊടുമൺ കുടിവെള്ള പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1347കണക്ഷനുകൾ നൽകിയിട്ടുണ്ട്. അഞ്ഞൂറിലധികം കണക്ഷനുകൾ ജലജീവൻ പദ്ധതിയുടെ ഭാഗമായും നൽകിയിട്ടുണ്ട്. ഇത്രയും ഗാർഹിക കണക്ഷനുകൾ നൽകിയിട്ടും പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കാൻ ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഗാർഹിക കണക്ഷനുകൾ അനുവദിച്ചുകൊണ്ട് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാതിരുന്നത് മൂലം ലക്ഷങ്ങളുടെ അധിക ബാധ്യതയാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ഹരിത കർമ്മസേന-പ്രവർത്തന അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ പറയുന്നു

1) ഹരിതകർമ്മസേനയുടെ രൂപീകരണം

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 3/2018-ൽ ആരംഭിച്ചു. 28 ഹരിതകർമ്മസേനാംഗങ്ങളാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്. 15 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത

കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

2) യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകളിലായി 7350വീടുകളും 422കച്ചവടസ്ഥാപനങ്ങളുമുണ്ട്. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടമുറികളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റുചെലവുകൾ എന്നിവക്കായി ഇത് ഉപയോഗിക്കുന്നു. എന്നാൽ മിനിമം വേതനം ഉറപ്പാക്കുന്നില്ല. യൂസർ ഫീ ഇനത്തിലെ 2019-20 വർഷം 64450 രൂപയും 2020-21 വർഷം30740 രൂപയും 2021-22 വർഷം 76150 രൂപയും വരവുണ്ട്. ഹരിത കർമ്മസേനാ കൺസോർഷ്യത്തിന്റെ പേരിൽ കൈപ്പട്ടൂർ സെൻട്രൽ ബാങ്കിൽ 27/11/2018-ൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ പിരിച്ചെടുക്കുന്ന യൂസർഫീസ് അപര്യാപ്തമാണ്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് വ്യക്തമാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

സ.ഉ(സാധാ)നം.62/2020/തസ്വഭവ തിയതി 11-4-2020 പ്രകാരം 2020-21 വർഷത്തിൽ ഹരിതകർമ്മസേനകൾക്ക് ആറു മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്കരിച്ച് 114118 രൂപ നൽകിയിട്ടുണ്ട്.

4)മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്ത് നാലാം വാർഡിൽ സ്ഥിതിചെയ്യുന്ന ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ (MCF) എത്തിച്ച് സൂക്ഷിക്കുകയാണ് ചെയ്യുന്നത്. നിലവിൽ MCF ൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല പ്ലാസ്റ്റിക്ക് മാലിന്യസംസ്കരണത്തിനായി ഷ്രെഡ്ഡിംഗ് ആന്റ് ബൈലിംഗ് യൂണിറ്റുകൾ MCF ൽ സ്ഥാപിച്ചിട്ടില്ല. ഒൻപത് വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

5) ജൈവമാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കരണത്തിനായി 2020-21 വാർഷിക പ്രോജക്ടിന്റെ ഭാഗമായി റിംഗ് കംപോസ്റ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

6) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് സ്ഥാപിച്ചിട്ടില്ല. ഹരിത സഹായ സ്ഥാപനമായ എം.വേ.കൺസൽട്ടന്റ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. 68130 രൂപ ഫീസിനത്തിൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എം.സി.എഫ്-ൽ തരംതിരിച്ച മാലിന്യങ്ങൾ ക്ലീൻ കേരള കമ്പിനിയ്ക്ക് നൽകുകയാണ്. എന്നാൽ ഈ പ്രവർത്തനം സമയബന്ധിതമായി നടക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കാനും കാര്യക്ഷമമാക്കാനും നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

. ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നൽകേണ്ടതാണ്.

. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ പേരിലുള്ള അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 99900 | ഫലവൃക്ഷത്തൈ വിതരണം | 99900 | 0 |
| | 850000 | നെൽകൃഷി വികസന പദ്ധതി | 850000 | 0 |
| | 537500 | സുഭിക്ഷ കേരളം-പച്ചക്കറി കൃഷി വികസനം ഗ്രോബാഗ് പച്ചക്കറി തൈ വിതരണം (വനിത) | 537500 | 0 |
| | 375000 | പാടശേഖര സമിതിക്ക് ടില്ലർ വാങ്ങൽ | 375000 | 0 |
| | 1190000 | നെൽകൃഷി വികസന പദ്ധതി | 1190000 | 0 |
| | 1850000 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 956384 | 893616 |
| | 200000 | ആശ്രയ പദ്ധതി | 200000 | 0 |
| | 4000000 | ലൈഫ് ഭവന പദ്ധതി | 1720000 | 2280000 |
| | 4000000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 200000 | 3800000 |
| | 250000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| | 100000 | ക്ഷീര കർഷകർക്ക് പാലളവിന് സബ്സിഡി | 100000 | 0 |
| | 535930 | വള്ളിക്കോട് ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 0 | 535930 |
| ജില്ലാ പഞ്ചായത്ത് | 198000 | സുഭിക്ഷ കേരളം- വാഴ കൃഷി വികസനം (എസ്.സി.പി) | 198000 | 0 |
| | 500000 | കിഴങ്ങുവർഗ്ഗ കൃഷി വികസനം (എസ്.സി.പി) | 500000 | 0 |
| | 1000000 | കിഴങ്ങുവർഗ്ഗ കൃഷി വികസനം | 1000000 | 0 |
| | 469349 | നെൽകൃഷി വികസന പദ്ധതി | 469349 | 0 |
| | 1242000 | വാഴ കൃഷി വികസനം (വനിത) | 1242000 | 0 |
| | 448700 | നെൽകൃഷി വികസന പദ്ധതി | 448700 | 0 |
| | 298360 | പാലിയേറ്റീവ് കെയർ | 298360 | 0 |
| | 83540 | പാലിയേറ്റീവ് കെയർ | 83540 | 0 |
| | 1844000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1243616 | 600384 |
| | 100000 | ആശ്രയ പദ്ധതി | 100000 | 0 |
| | 500000 | ലൈഫ് ഭവന പദ്ധതി | 480000 | 20000 |
| | 1550000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 1507152 | 42848 |
| | 57300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 57300 | 0 |
| | 100000 | പാലളവിന് സബ്സിഡി | 100000 | 0 |
| | 33000 | ക്ഷീര കർഷകർക്ക് പാലളവിന് സബ്സിഡി | 33000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് /പ്രൊജക്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വള്ളിക്കോട് ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ S00230/21 | 535930 | 0 | 535930 |
| കെ.എസ്.ഇ.ബി | പട്ടികജാതി കോളനിയിലേക്ക് സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ S0075/21 | 295796 | 0 | 295796 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

തൻവർഷം വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം ചുവടെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തേ ഉൾപ്പടെ തിരിച്ചടയ്ക്കവാനുണ്ടായിരുന്ന ആകെ വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക - മുതൽ | തൻവർഷം തിരിച്ചടച്ച തുക - പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | GO(MS)100/2018 /LSGD/30.07.2018 | 5183258 | 5183258 | 673254 | - | 4510004 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | 2 (അനുബന്ധം4) | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | 2 (അനുബന്ധം5) | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 95723749 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80867567 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 67032 |

ബി)ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 67032 | ശ്രീമതി ലൈജു എൽ കെ, എച്ച്.എം, ജി.എൽ.പി.എസ്, വള്ളിക്കോട് |

(ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| ശ്രീമതി ലൈജു എൽ കെ, | റിട്ടയർ ചെയ്തു | ഇലഞ്ഞിക്കൽ, കോന്നി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി2/643/01 തീയതി 09-01-12 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി2/17/02തീയതി 30-03-12 | 1 |
| 1997-98<br>1997-98 | എൽ.എഫ്.പി.റ്റി.എ.പി2/323/99തീയതി 07-05-12<br>എൽ.എഫ്.പി.റ്റി.എ.പി2/315/99 | 34 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി2/733/2000 തീയതി 26.04.01 | 1 |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2/103/01തീയതി 17-11-01 | 3 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി,2/501/03തീയതി 16.04.03 | 5 |
| 2001-02 (ജ.ആ.) | എൽ.എഫ്.പി.റ്റി.എ.പി2/226/04 തീയതി 16-03-04 | 1 |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ.പി2/821/04തീയതി 11-07-2005 | |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി2/263/05 തീയതി 02-09-2005 | 4 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി9/1132/07 തീയതി 16-12-2008 | 3 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി9/210/09 തീയതി 16-10-2009 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി9/211/09 തീയതി 28-04-09 | 4 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി9/62/10 തീയതി 07-04-2011 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി4/728/10 തീയതി 01-03-2011 | 5 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി10/102/11തീയതി 14-12-2013 | 9 |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി10/394/11തീയതി 13.07.12 | 11 |
| 2010-11 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ.പി9/1064/13തീയതി 19.03.14 | 2 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി9/1073/14തീയതി 24.02.14 | 8 |
| 2013-14 | എൽ.എഫ്.പി.റ്റി.എ.പി9/457/15തീയതി 28-07-15 | 8 |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി9/895/16തീയതി 06-08-2016 | 9 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/84/16തീയതി 06-02-2017 | 11 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി9/822/17തീയതി 18.07.17 | 4 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി9/180/19തീയതി 03/04/2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി9/98/20തീയതി 05/03/2020 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി9/842/2021 തീയതി 24/12/2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്